# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2723 18.08.2017 -ൽ മറുപടിക്ക്

### പ്രൈമറി സ്കൂളുകളിലെ കായികവികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | പ്രൈമറി സ്കൂളുകളിലെ കായിക വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | എ & ബി | സ്കൂളുകളിലെ അപ്പർ പ്രൈമറി വിഭാഗത്തിൽ കായിക വികസനത്തിനായി കെ.ഇ.ആർ ചട്ടങ്ങൾക്കനുസൃതമായി സ്ഥിരാടിസ്ഥാനത്തിലും എസ്.എസ്.എ വഴി കരാറടിസ്ഥാനത്തിലും കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമത ഉള്ളവരാക്കുന്നതിന് ലക്ഷ്യമിട്ട് "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| ബി | പ്രൈമറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ; | | |
| സി | എങ്കിൽ ആഴ്ചയിൽ എത്ര ദിവസമാണ് കായികാദ്ധ്യാപകന്റെ സേവനം ഒരു സ്കൂളിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ; | സി | കെ.ഇ.ആർ ചട്ടങ്ങളനുസരിച്ച് 500 കുട്ടികളുള്ള അപ്പർ പ്രൈമറി വിഭാഗത്തിൽ ആഴ്ചയിൽ 5 ദിവസവും കായികാദ്ധ്യാപകരുടെ സേവനം ലഭ്യമാണ്. 100 കുട്ടികളെങ്കിലുമുള്ള |

| | | | |
|---|---|---|---|
| | | | അപ്പർ പ്രൈമറി സ്കൂളുകളിൽ എസ്.എസ്.എ വഴി പാർട്ട്ടൈം കായികാദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട് |
| ഡി | സർക്കാർ പ്രൈമറി സ്കൂളുകളുടെ കായിക വികസനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ഡി | ഉണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലന ക്യാംപുകൾ, ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കായികയുവജനക്ഷേമവകുപ്പ് മുഖേന സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |
| ഇ | എങ്കിൽ ആയത് എത്രയാണെന്നും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ | 15.06.2013 ലെ സ.ഉ(കൈ)നം.9/13/കാ.യു.വ, 17.02.2014 ലെ സ.ഉ(കൈ) നം.32/14/ കാ.യു.വ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലവൽ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 38,62,000 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ